# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4367** 　　 **17/12/2014-ൽ മറുപടിക്ക്**

## പാലിയേറ്റീവ് കെയർ സെന്റർ സ്റ്റാഫിന് വേതനം നൽകുന്ന നടപടി

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പി. എച്ച്.സി.കളോട് ചേർന്ന് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സെന്ററുകളിൽ ജോലി ചെയ്തു വരുന്ന നേഴ്സുമാർക്കും അനുബന്ധ സ്റ്റാഫിനും വേതനം നൽകുന്നതിനായി എന്തു തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിൽ പഞ്ചായത്ത് വിഹിതം, ആരോഗ്യവകുപ്പിൽ നിന്നുള്ള വിഹിതം മറ്റ് ഏജൻസികളിൽ നിന്നുള്ള വിഹിതം എന്നിവ ഓരോന്നും എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുഖാന്തിരം നടത്തുന്ന സാന്ത്വന പരിചരണ പദ്ധതിയിൽ ഒരു കമ്മ്യൂണിറ്റി നഴ്സിന്റെ നേതൃത്വത്തിലാണ് ഗൃഹ കേന്ദ്രീകൃത രോഗീ പരിചരണം നടത്തുന്നത്. കമ്മ്യൂണിറ്റി നഴ്സിന് നിലവിൽ 6000 രൂപയാണ് ഓണറേറിയമായി നൽകുന്നത്. ഈ തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അതേ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ മെഡിക്കൽ ഓഫീസറാണ്. ആരോഗ്യ വകുപ്പിൽ നിന്നും തുക അനുവദിക്കുന്നില്ല. |
| (ബി) | ഇത്തരത്തിൽ ജോലി ചെയ്തു വരുന്നവരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ